www.mathsblog.in

# SSLC MODEL EXAMINATION , FEBRUARY – 2017

# SOCIAL SCIENCE

## ഉത്തര സൂചിക

Time : 2 1/2 Hours                                        Total Score :80

## PART-A

1. പരിണാമ സിദ്ധാന്തം 1

2.ഫോർ വേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി.
ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു.
സിംഗപ്പൂരിൽ വെച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽകാലിക ഗവൺമെന്റ് രൂപീകരിച്ചു.
INA യുടെ ഇന്ത്യയുടെ വടക്ക് കിഴക്കൻ അതിർത്തിവരെ എത്തി ഇംഫാലിൽ ദേശിയ പതാക ഉയർത്തി. 3

3. C. ബംഗാൾ ഉൾക്കടലിൽ ചേരുന്നു. 1

4. ശാരീരികമായും മാനസികമായും സാമൂഹികവും ആയ സുസ്ഥിതിയാണ് **ആരോഗ്യം.**

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത.
- ചികിത്സാ സൗകര്യങ്ങൾ
- രോഗ പ്രതിരോധ സം വിധാനങ്ങൾ 4

5.രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെ കുറിച്ചുമുള്ള പഠനമാണ് **രാഷ്ട്രതന്ത്രശാസ്ത്രം**

- പൊതുഭരണം
- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- അന്തർദേശീയ രാഷ്ട്രീയം
- താരതമ്യരാഷ്ട്രീയം 3

6. റിപ്പബ്ലിക്കൻ ആർമി 1

7. ശൈത്യകാലത്തെ ഒരു പ്രതിഭാസമാണ് **പശ്ചിമ അസ്വസ്ഥത**
ഇതിന്റെ ഭാഗമായി മെഡിറ്ററേനിയൻ കടലിൽ രൂപം കൊള്ളുന്ന ശക്തമായ ന്യൂനമർദ്ദം ക്രമേണ കിഴക്കോട്ട് നീങ്ങി ഇന്ത്യയിലെത്തുന്നു.
ഇത് പഞ്ചാബിൽ ശൈത്യകാലമഴയ്ക്ക് കാരണമാകുന്നു.
ഈ മഴ ഇന്ത്യയിൽ ശൈത്യകാല വിളകൾക്ക് വളരെ പ്രയോജനമാണ്. 3

8. ധർമ്മങ്ങൾ

- നോട്ട് അച്ചടിച്ചിറക്കൽ , വായ്പ നിയന്ത്രിക്കൽ , സർക്കാറിന്റെ ബാങ്ക് , ബാങ്കുകളുടെ ബാങ്ക്

**നോട്ട് അച്ചടിച്ചിറക്കൽ**

ഒരു രൂപ ഒഴികെയുള്ള എല്ലാ നോട്ടുകളും അച്ചടിച്ചിറക്കുന്നു.നോട്ടടിക്കുന്നതിന് നിശ്ചിതമൂല്യം വരുന്ന സ്വർണ്ണമോ വിദേശ നാണ്യശേഖരമോ കരുതലായി സൂക്ഷിക്കുന്നു. 3

9.സോഷ്യൽ സർവേ , അഭിമുഖം , നിരീക്ഷണം , കേസ് സ്റ്റഡി

**സോഷ്യൽ സർവേ** - ഒരു വിഷയത്തിന്റെ സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കുവാൻ സഹായിക്കുന്നു.

**അഭിമുഖം** - അഭിമുഖം ഒരു വ്യക്തിയുടെ മനോഭാവം കാഴ്ചപ്പാട് വിശ്വാസം സ്വഭാവം എന്നിവയെ വിശകലനം ചെയ്യാൻ സഹായിക്കുന്നു.

**നിരീക്ഷണം** -കണ്ടതും കേട്ടതും അനുഭവിച്ചതുമായ വിവരങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിശാസ്ത്രം

**കേസ് സ്റ്റഡി** - അപൂർ വവും വ്യത്യസ്തവുമായ ഒരു സാമൂഹ്യ പ്രതിഭാസം , അല്ലെങ്കിൽ പ്രശ്നത്തെക്കുറിച്ച് ആഴത്തിലുള്ള പഠനമാണ് കേസ് സ്റ്റഡി. 3

10. ലേബർ പാർട്ടി 1

11. കൽപാക്കം , കൂടംകുളം 1

12. നെഹ്റു ( ഇന്ത്യ )

ചൗ എൻ ലായ് ( ചൈന )

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക. 3

13. SBI , കനറാബാങ്ക് 1

14. സോവിയറ്റ് യൂണിയൻ 1

15. - ഗംഗാ- ബ്രഹ്മപുത്രാ നദികളും പോഷകനദികളും
- ഗോദാവരി കൃഷ്ണ നദികളും പോഷകനദികളും
- ആന്ധ്ര - തമിഴ്നാട് പ്രദേശത്തെ ബക്കിങ്ങ്ഹാം കനാൽ
- കേരളത്തിലെ കായലുകൾ 3

16. ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം - ഒറ്റപ്പാലം - 1921

ഐക്യ കേരള കൻ വെൻഷൻ - തൃശ്ശൂർ - 1947

കൊച്ചി രാജ്യ പ്രജാമണ്ഡലം - പനമ്പള്ളി ഗോവിന്ദ മേനോൻ - 1941

നിവർത്തന പ്രക്ഷോഭം - എൻ വി ജോസഫ് - 1932 4

17.-ചോട്ടാ നാഗ് പൂർ

-ഝാറിയ

-കാവേരി

-വിന്ധ്യ 4

---

## PART B

18. **a )**<u>**ഫെബ്രുവരി വിപ്ലവം**</u>

1917 ആയപ്പോഴേക്കും റഷ്യയിൽ ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി.

മാർച്ച് 8 ന് സ്ത്രീകൾ റൊട്ടിക്ക വേണ്ടി പ്രകടനം നടത്തി.

പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രകടനം നടത്തി.

സൈനീകരും ഇവരോടൊപ്പം ചേർന്നു.

നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിഞ്ഞു.

അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽകാലിക ഗവൺമെന്റ് നിലവിൽ വന്നു.

<u>**ഒക്ടോബർ വിപ്ലവം**</u>

താൽകാലിക ഗവൺമെന്റ് ജനങ്ങളുടെ ആവശ്യങ്ങളെ അംഗികരിച്ചില്ല.

സോവിയറ്റുകൾ താൽകാലിക ഗവൺമെന്റിനെ എതിർത്തു.

ലെനിൻ ഇതിന് നേതൃത്വം നൽകി.

1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽകാലിക ഗവണ്മെന്റിനെതിരെ സായുധ വിപ്ലവം ആരംഭിച്ചു.

കെറൻസ്കി രാജ്യം വിട്ടു

ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു. 6

**b)**<u>**ഇറ്റലി - ഫാഷിസം**</u>

ഇറ്റലിയിൽ ഫാഷിസ്റ്റ് ഭരണത്തിന് **ബെനിറ്റോ മുസോളിനി** നേതൃത്വം നൽകി.

അധികാരത്തിൽ എത്തിയ അദ്ദേഹം സോഷ്യലിസ്റ്റുകൾ , തൊഴിലാളി- കർഷകനേതാക്കൾ എന്നിവരെ രാജ്യത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു.

ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധിച്ചു.

കരിങ്കുപ്പായക്കാർ എന്ന സൈന്യത്തെ ഉപയോഗിച്ചു.

എത്യോപ്യ , അൽബേനിയ തുടങ്ങിയ രാജ്യങ്ങളെ ആക്രമിച്ചു.

ഇറ്റലിയുടെ സാമ്രാജ്യത്വ മോഹം ലോകരാജ്യങ്ങളെ മറ്റൊരു ലോകയുദ്ധത്തിലേക്ക് നയിച്ചു.

<u>**നാസിസം - ജർമ്മനി**</u>

നാസിസത്തിന് ജർമ്മനിയിൽ ഹിറ്റ്ലർ നേതൃത്വം നൽകി

സോഷ്യലിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകളേയും ജനാധിപത്യവാദികളേയും കൊന്നൊടുക്കി

കോൺസൺട്രേഷൻ ക്യാമ്പുകളിൽ ജൂതരെ കൂട്ടക്കൊല ചെയ്തു.

തവിട്ടുകുപ്പായക്കാർ എന്ന സൈന്യത്തിനും ഗസ്റ്റപ്പോ എന്ന രഹസ്യസംഘത്തിനും നേതൃത്വം

നൽകി.

ആസ്ത്രിയ , ചെക്കോസ്ലോവാക്കിയ എന്നീ രാജ്യങ്ങളെ ആക്രമിച്ചു.

ഇറ്റലി , ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനീക സഖ്യങ്ങൾ ഉണ്ടാക്കി.

19. a] അച്ചുതണ്ടിന്റെ ചരിവ് മൂലമുള്ള സൂര്യന്റെ അയനമാണ് കാരണം.
സൂര്യന്റെ അയനം മൂലം ഭൂമിയിൽ സൂര്യപ്രകാശം പതിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.
സൂര്യ രശ്മികൾ ലംബമായി പതിക്കുന്നിടങ്ങളിൽ ചൂട് പൊതുവെ കൂടുതലും ചരിഞ്ഞ് പതിക്കുന്നിടങ്ങളിൽ ചൂട് കുറവുമായിരിക്കും. 3

b ] ചിനൂക്ക്

ഈ കാറ്റ് റോക്കീ പർവതത്തിന്റെ കിഴക്കേ ചരിവിലെ മഞ്ഞുരുക്കുന്നു.
ശൈത്യത്തിന്റെ കാഠിന്യം കുറക്കുന്നതിനാൽ കനേഡിയൻ സമതലങ്ങളിലെ ഗോതമ്പ് കൃഷിക്ക് ഏറെ പ്രയോജനം .

20. a ] രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യ വിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നു പറയുന്നു.

**പ്രാധാന്യം**

ഗവൺ മെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.

ജനക്ഷേമം ഉറപ്പാക്കുന്നു.

ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

b ] **കുടുംബം**

മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിൽ ഏർപ്പെടാനും കുടുംബത്തിൽ നിന്നും പഠിക്കുന്നു.

അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു.
കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തുന്നു.

**വിദ്യാഭ്യാസം**

വിവിധ വിഷയങ്ങളുടെ പഠനത്തിലൂടേ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.

മൂല്യബോധം , സഹിഷ്ണുത നേതൃത്വഗുണം , പരിസ്ഥിതി ബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിൽ എത്തിക്കുന്നു.

**സംഘടനകൾ**

സേവന സന്നദ്ധത യോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു.
അധികാരവും അവകാശങ്ങളും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നതിൽ രാഷ്ട്രീയ സംഘടനകൾ പങ്കു വഹിക്കുന്നു.

**മാധ്യമങ്ങൾ**

വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നു.
ശരിയായതും വസ്തുനിഷ്ടവുമായ വിവരങ്ങളിലൂടെ ക്രീയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുന്നു.

21. a ] ഉയർന്ന ഭൂനികുതി കൊള്ളപലിശക്കരിൽ നിന്നും പണം കടം വാങ്ങാൻ കർഷകരെ പ്രേരിപ്പിച്ചു.
കൃഷിയിടം പണയപ്പെടുത്തിയാണ് കടം വാങ്ങിയിരുന്നത്.
ഉയർന്ന പലിശ നിരക്കായിരുന്നു.
കടവും പലിശയും അടക്കാൻ കഴിയാത്ത കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കൈയടക്കി.
3

b ] ദേശീയ കാഴ്ചപ്പാടോടേ രൂപീകൃതമായ വിദ്യാഭ്യാസ സ്ഥാപനമാണ് ഡക്കാൻ എജ്യുക്കേഷൻ സൊസൈറ്റി.
സ്ത്രീകളുടെ ഉന്നമനത്തിനായി ആദ്യത്തെ വനിതാ സർവകലാശാല മഹാരാഷ്ട്രയിൽ ആരംഭിച്ചു.
മതേതര വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെ ജാമി അ മില്ലിയ ഇസ്ലാമിയ ആരംഭിച്ചു.
വൈദേശിക മേധാവിത്വം , ജാതിവ്യവസ്ഥ എന്നിവയോടുള്ള എതിർപ്പിന്റെ ഭാഗമായി വാർധാ വിധ്യാഭ്യാസ പദ്ധതി ഗാന്ധിജി ആരംഭിച്ചു.

22. a ]**<u>ജൂൺ 21</u>**
സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്ക് മുകളീലായിരിക്കും.
ഇത് **ഗ്രീഷ്മ അയനാന്തം** എന്നറിയപ്പെടുന്നു.
ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകൽ
ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രി.
**<u>ഡിസമ്പർ 22</u>**
സൂര്യൻ ദക്ഷിണായന രേഖയ്ക്ക് മുകളിൽ
ഇത് **ശൈത്യ അയനാന്തം** എന്നറിയപ്പെടുന്നു.
ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രി.
ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകൽ 5

b ] **<u>തെക്ക് പടിഞ്ഞാറൻ മൺസൂൺ</u>**
ഉത്തരാർദ്ധഗോളത്തിലെ വേനൽക്കാലത്ത് മധ്യരേഖാന്യൂനമർദ്ദമേഖല വടക്കോട്ട് നീങ്ങുമ്പോൾ തെക്ക് കിഴക്കൻ വാണിജ്യ വാതങ്ങളും മധ്യരേഖ കടന്ന് വടക്കോട്ട് നീങ്ങുന്നു.
മധ്യരേഖ കടക്കുന്നതോടെതെക്ക് കിഴക്കൻ വാണിജ്യ വാതങ്ങൾ കോറിയോലിസ് പ്രഭാവത്താൽ ദിശാ വ്യതിയാനം സംഭവിച്ച് തെക്കു പടിഞ്ഞാറൻ മൺസൂൺകാറ്റായി മാറുന്നു.
**<u>വടക്കു കിഴക്കൻ മൺസൂൺ</u>**
ശൈത്യകാലത്ത് ഉത്തരാർദ്ധഗോളത്തിലെ വൻകരകൾക്കു മേൽ ഉച്ച മർദ്ദമേഖലകൾ രൂപപ്പെടുന്നു.
ഇതിന്റെ ഫലമായി ഏഷ്യാ വൻകരകൾക്കുമേൽ ഉച്ച മർദ്ദവും ഇന്ത്യാമഹാസമുദ്രത്തിനു മുകളിൽ ന്യൂനമർദ്ദവും രൂപം കൊള്ളുന്നു.
ഇത് വടക്കു കിഴക്കൻ വാണിജ്യ വാതങ്ങളെ ശക്തിപ്രാപിക്കുന്നതിനിടയാക്കുന്നു.
ഇതാണ് വടക്കു കിഴക്കൻ വാണിജ്യ വാതങ്ങൾ

23. a ] **ലീഗൽ മെട്രോളജി വകുപ്പ്**
അളവ് തൂക്ക നിലവാരം ഉറപ്പു വരുത്തുന്നു.
**ഭക്ഷ്യ സുരക്ഷാ വകുപ്പ്**
ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു.
**കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മിറ്റി**
മരുന്നുകളുടെ വൈല നിയന്ത്രിക്കുന്നു.
**ഡ്രഗ്സ് കൺ ട്രോൾ വകുപ്പ്**
മരുന്നുകളുടെ ഗുണമേന്മ , സുരക്ഷിതത്വം എന്നിവ ഉറപ്പു വരുത്തുന്നു. 4

b ] പൊതു ചെലവ് വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ

ജനസംഖ്യാ വർദ്ധനവ്

പ്രതിരോധചെലവിന്റെ വർദ്ധനവ്

ക്ഷേമ പ്രവർത്തനങ്ങൾ

നഗരവത്കരണം

**<u>വികസനചെലവുകൾ</u>**

റോഡ് , പാലം തുറമുഖം തുടങ്ങിയവയുടെ നിർമ്മാണം

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത്

**<u>വികസനേതര ചെലവുകൾ</u>**
യുദ്ധ ചെലവ്
പലിശ
പെൻഷൻ

24 a] ബ്രിട്ടീഷ് ഉത്പന്നങ്ങളുടെ ബഹിഷ്കരണവും തദ്ദേശിയ ഉത്പന്നങ്ങളുടെ ഉപയോഗവും.
- നിരവധി തുണി മില്ലുകൾ , സോപ്പ് ഫാക്ടറികൾ , തീപ്പെട്ടി കമ്പനികൾ തുടങ്ങിയവ ആരംഭിച്ചു.
- സ്ത്രീകൾ തൊഴിലാളികൾ വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം 3

b] ദിനബന്ധു മിത്ര.
- ബംഗാളിലെ നീലം കർഷകർ അനുഭവിക്കുന്ന കൊടിയ ചൂഷണത്തെ ചിത്രീകരിച്ചു.
- ഇന്ത്യയുടെവിവിധ ഭാഗങ്ങളിലെ കർഷകകലാപങ്ങൾക്ക് പ്രചോദനമായി

25 a] **ശ്രേണീ പരമായ സംഘാടനം -** ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി.

**സ്ഥിരത -** ഉദ്യോഗസ്ഥർക്ക് ഒരു നിശ്ചിത പ്രായം വരെ സേവന കാലാവധി ഉണ്ടായിരിക്കും.

**യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം-** വിദ്യാഭ്യാസ യോഗ്യത നോക്കി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു.

**രാഷ്ട്രീയ നിഷ്പക്ഷത -** ഉദ്യോഗസ്ഥർ കക്ഷിരാഷ്ട്രീയത്തിനതീതമായി നിഷ്പക്ഷമായി പ്രവർത്തിക്കണം

**വൈദഗ്ധ്യം -** ഉദ്യോഗസ്ഥർ അവരുടെ തൊഴിലിൽ വൈദഗ്ധ്യം ഉള്ളവരായിരിക്കും 4

b]  സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിന്

- ജനങ്ങളുടെ ക്ഷേമവും ഐക്യവും ഉറപ്പാക്കുന്നതിന്

- മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന്

- സാമൂഹ്യ ബോധം വളർത്തുന്നതിനും നിലനിർത്തുന്നതിനും

26.a] -ഗുണമേന്മയില്ലാത്ത സാധനങ്ങൾ വിൽക്കുന്നത്.

- മായം ചേർക്കുന്നത്.

- അമിത വില ഈടാക്കുന്നത് .

- അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്.

- ഉപഭോക്താവിന് ഉപഭോക്തൃകോടതിയെ സമീപിക്കാവുന്നതാണ് .

- നഷ്ടപരിഹാരം ഉൾപ്പടെ നീതി ലഭ്യമാക്കുന്നതിന് ഈ കോടതികൾ പ്രവർത്തിക്കുന്നു .   4

b] ഇത് പൊതു കടത്തെ സൂചിപ്പിക്കുന്നു

- 2010-11 നെ അപേക്ഷിച്ച് 2015-16 ൽ പൊതു കടം 26.7 ലക്ഷം ക്കോടി വർദ്ധിച്ചിട്ടുണ്ട്.

- പൊതുകടം രണ്ടു തരത്തിലുണ്ട്.

- ആഭ്യന്തര കടവും വിദേശ കടവും

- ആഭ്യന്തര കടവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ കടത്തിന്റെ വർദ്ധനവ് കുറവാണ് .

27**a** ]  a ] 4778

b ] 467788 / 466788

c ] 473765 - കുഴൽ കിണർ

d ] 4676 – കോട്ട    4

**b ]<u>സ്പേഷ്യൽ റെസലൂഷൻ</u>**

ഉപഗ്രഹങ്ങളിലെ സെൻസറുകൾക്ക് ഭൗമോപരിതലത്തിലെ എല്ലാ വലിപ്പത്തിലുമുള്ള വസ്തുക്കളെ യും തിരിച്ചറിയാൻ കഴിയില്ല.

ഒരു സെൻസറിന് തിരിച്ചറിയാൻ കഴിയുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് ആ സെൻസറിന്റെ സ്പേഷ്യൽ റെസലൂഷൻ.

**<u>സ്പെക്ട്രൽ സിഗ്നേച്ചർ</u>**

ഭൗമോപരിതലത്തിലെ ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവാണ് ആ വസ്തുവിന്റെ സ്പെക്ട്രൽ സിഗ്നേച്ചർ

Name :
Std :

# INDIA - POLITICAL (STATES)

Sub :
School :

17



# മാർക്ക് വിഭജനം യൂണിറ്റുകളിലൂടെ

| UNIT | NAME | QUESTIONS | MARKS |
|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ | 18 a | 6 |
| 2 | ലോകം ഇരുപതാം നൂറ്റാണ്ടിൽ | 18 b | 6 |
| 3 | ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനില്പുകളും | 21a, 24a | 3+3= 6 |
| 4 | സം സ്കാരവും ദേശിയതയും | 21b ,24b | 3+3= 6 |
| 5 | സമരവും സ്വാതന്ത്ര്യവും | 2 , 6 | 3+1=4 |
| 6 | സ്വതന്ത്ര്യാനന്തര ഇന്ത്യ | 10 ,12 | 1+3=4 |
| 7 | കേരളം - ആധുനികതയിലേക്ക് | 16 | 4 |
| 8 | പൊതുഭരണം | 20a ,25a | 4+4=8 |
| 9 | രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും | 1, 5 | 1+3=4 |
| 10 | പൗരബോധം | 20b , 25b | 4 +4=8 |
| 11 | സമൂഹശാസ്ത്രം എന്ത്? എന്തിന്? | 9 | 3 |
| | | | |
| 1 | ഋതുഭേദങ്ങളും സമയവും | 19a , 22a | 4+4=8 |
| 2 | കാറ്റിന്റെ ഉറവിടം തേടി | 19b , 22b | 4+4=8 |
| 3 | മാനവ ശേഷി വികസനം ഇന്ത്യയിൽ | 4 | 4 |
| 4 | ഭൂതല വിശകലനം ഭൂപടത്തിലൂടെ | 27a | 4 |
| 5 | പൊതുചെലവും പൊതു വരുമാനവും | 23b , 26b | 4+4=8 |
| 6 | ആകാശകണ്ണുകളും അറിവിന്റെ വിശകലനവും | 27b | 4 |
| 7 | വൈവിധ്യങ്ങളുടെ ഇന്ത്യ | 3, 7 ,17 | 1+3+3=7 |
| 8 | ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം | 11, 14 , 15, 17 | 1+1+3+1=6 |
| 9 | ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും | 8 , 13 | 3+1=4 |
| 10 | ഉപഭോക്താവ് സംതൃപ്തിയും സം രക്ഷണവും | 23a , 26a | 4+4=8 |

Prepared by

**Biju.M**
**HSA Social Science**
**GHSS Parappa**
**kasargod**

**Colin Jose . E**
**HSA Social Science**
**AMMRHSS Kattela**
**TVPM**